**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4344** **18-07-2022 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൃഷിക്കാർക്കും സംരംഭകർക്കും ആവശ്യമുള്ള പ്രവർത്തന മൂലധനമടക്കം ലഭ്യമാക്കുന്നതിന് കേരള ബാങ്ക് എത്രത്തോളം പങ്ക് വഹിക്കുന്നുണ്ട്; സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് കാർഷികാവശ്യത്തിനായി പ്രവർത്തന മൂലധനമായി കിസാൻ ക്രെഡിറ്റ് കാർഡ് (KCC) വായ്പകൾ അനുവദിച്ച് വരുന്നു. കൂടാതെ ദീർഘകാല കാർഷിക വായ്പകളും സംരംഭങ്ങൾക്കായി അനുവദിച്ച് വരുന്നു. മൈക്രോ ഫുഡ് പ്രോസസിംഗ്, MSME, കർഷക സംഘടനാ വായ്പകൾ (FPO) മുതലായ വായ്പാ പദ്ധതികളും PACS വഴി കർഷകർക്ക് അനുവദിച്ച് വരുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിലേക്കായി നബാർഡ് മുഖേന PACS as MSC എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം നബാർഡിൽ നിന്നും 3 ശതമാനം പലിശ സബ്സിഡി ലഭ്യമാക്കി 4 ശതമാനം പലിശക്ക് 7 വർഷ കാലാവധിക്ക് സംഘം നടപ്പിലാക്കുന്ന പദ്ധതിയുടെ 90 ശതമാനം വരുന്ന തുക അവശ്യാനുസരണം വായ്പയായി അനുവദിച്ചുവരുന്നു. കൂടാതെ കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയും (AIF) നടപ്പിലാക്കിവരുന്നു. ടി പദ്ധതിയെ PACS as MSC എന്ന പദ്ധതിയുമായി കോർത്തിണക്കി AIF പദ്ധതിയുടെ 3 ശതമാനം പലിശ സബ്സിഡി കൂടി സംഘങ്ങൾക്ക് ലഭ്യമാക്കി 1 ശതമാനം പലിശ നിരക്കിൽ സംഘങ്ങൾക്ക് വായ്പ അനുവദിച്ച് പോരുന്നു. PACS as MSC പദ്ധതി പ്രകാരം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 154 കോടി രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ 500 ൽ അധികം വരുന്ന സഹകരണ സംഘങ്ങളെ ഇത്തരത്തിൽ ബഹുമുഖ സേവന |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരുന്നു. |
| (ബി) | കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ആർ.ബി.ഐ. മാനദണ്ഡങ്ങൾക്ക് അനുസൃതമായി കുറച്ചുകൊണ്ട് വരാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എൻ.ആർ.ഐ. ഡെപ്പോസിറ്റിനുള്ള ആർ.ബി.ഐ.യുടെ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | കേരളാ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി **RBI** മാനദണ്ഡങ്ങൾക്കനുസൃതമായി കുറച്ച് കൊണ്ടുവരുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ബാങ്കിന്റെ റിക്കവറി പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിന് റിക്കവറി ആക്ഷൻ പ്ലാൻ നടപ്പിലാക്കുകയും അപ്രകാരം ചിട്ടയായ പ്രവർത്തനം നടത്തുകയും ചെയ്യുന്നു.<br>2. കുടിശ്ശികയായിട്ടുള്ള വായ്പകൾ പലിശ ഇളവ് നൽകി തീർപ്പാക്കുന്നതിനായി സർക്കാർ പദ്ധതിയായ നവകേരളീയം ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന് പുറമേ റിക്കവറി മാനേജ്മെന്റ് പോളിസി കോംപ്രമൈസ് സെറ്റിൽമെന്റ് സ്കീം എന്ന പദ്ധതിയും കേരളാ ബാങ്കിൽ നടപ്പിലാക്കിയിരിക്കുന്നു.<br>3. നിഷ്ക്രിയ ആസ്തി കുറക്കുന്നതിലേക്കായി കുടിശ്ശികയായിട്ടുള്ള വായ്പകൾ തിരിച്ച് പിടിക്കാൻ റവന്യൂ റിക്കവറി, എ.ആർ.സി, സർഫാസി എന്നിവ അടക്കമുള്ള നിയമ നടപടികളും സ്വീകരിക്കുന്നു.<br><br>എൻ.ആർ.ഐ ഡെപ്പോസിറ്റിനുള്ള ആർ.ബി.ഐ യുടെ അനുമതി ലഭ്യമാക്കുന്നതിന് ബാങ്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. വിഷയം **RBI** യുടെ പരിഗണനയിലാണ്. |
| (സി) | കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിന് കേരള ബാങ്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്നത്തേക്ക് നടപടികൾ പൂർത്തിയാക്കാൻ കഴിയും; വ്യക്തമാക്കാമോ? | (സി) | കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിന് കേരളാ ബാങ്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി ബാങ്കിംഗ് രംഗത്തെ ആധുനിക സോഫ്റ്റ് വെയർ ആയ ഫിനാക്കിൾ കേരളാ ബാങ്കിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. ഇതിനായി M/s വിപ്രോയെ വെണ്ടറായി തിരഞ്ഞെടുത്തു. ഓമ്നി ചാനലിന്റെ വെണ്ടറായി M/s ഇൻഫ്രാ സോഫ്റ്റ് വെയർനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോർ ബാങ്കിംഗ് ഏകീകരണത്തിനും മറ്റ് ഡിജിറ്റൽ സേവനങ്ങൾക്കും മാത്രമായി എറണാകുളത്തെ കാക്കനാട് പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നു. കൂടാതെ ഡയറക്ടർ ബോർഡിന്റെ മേൽ നോട്ടത്തിൽ പി.എം.യു നേരിട്ട് നിരീക്ഷിക്കുന്നു. കോർ ബാങ്കിംഗുമായി ബന്ധപ്പെട്ട മുഴുവൻ ജോലികളും താമസം വിനാ പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ